സെന്ററുകൾ മരുന്നുകൾ റീ ഏജന്റ് എന്നിവയുടെ വിതരണം അവബോധ പ്രവർത്തനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

3. *കുഷ്ഠരോഗ നിർമാർജ്ജന പദ്ധതി*

കുഷ്ഠരോഗത്തെപ്പറ്റി ജനങ്ങളുടെ ഇടയിൽ ശരിയായ അവബോധമുണ്ടാക്കുക കുഷ്ഠരോഗ ബാധിതരുടെ എണ്ണം കുറച്ച് കൊണ്ടുവരുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

4. *പുതുക്കിയ ക്ഷയരോഗ പദ്ധതി*

ക്ഷയരോഗംമൂലമുള്ള മരണസംഖ്യ കുറയ്ക്കുക, രോഗവാഹകരായിട്ടുള്ളവരെ കണ്ടെത്തുക, തുടർ ചികിൽസ നടത്തുക എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്നു.

5. *പ്രജനന ശിശു ആരോഗ്യ പദ്ധതി*

മാതൃ ശിശു ചികിൽസാരംഗത്ത് മെച്ചപ്പെട്ട സേവനം നൽകുവാൻ ഉദ്ദേശിച്ചുള്ള ഈ പദ്ധതി പ്രകാരം ഗർഭിണികൾക്ക് ഗർഭകാല പരിശോധനയും പരിചരണവും പ്രസവചികിൽസ, ശിശുക്കൾക്ക് പ്രതിരോധ കുത്തിവയ്പുകൾ എന്നിവ നൽകുന്നു.

(ബി) ധനസഹായം ഗ്രാന്റായാണ് ലഭിക്കുന്നത്. വായ്പയോ തിരിച്ചടവ് കാലാവധിയോ ഇല്ല.

(സി) ഓരോ പദ്ധതിക്കും അനുവദിക്കുന്ന തുക അതാത് പദ്ധതി പ്രവർത്തനങ്ങൾക്കു മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മറ്റ് നിബന്ധനകൾ ഒന്നും തന്നെയില്ല.

(ഡി) പദ്ധതിരേഖകൾ ബൃഹത്തായവയായതിനാൽ യൂറോപ്യൻ കമ്മീഷൻ, ലെപ്രസി, എയ്ഡ്സ് എന്നിവയെ സംബന്ധിച്ച പദ്ധതി രേഖകളുടെ ഒരു പകർപ്പ് റഫറൻസിനായി ഇതോടോപ്പം സമർപ്പിക്കുന്നു.

ആരോഗ്യ രംഗത്തെ സ്വകാര്യവൽക്കരണം

181 [1787] *ശ്രീ. മഞ്ഞളാംകുഴി അലി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യരംഗം സ്വകാര്യവത്ക്കരിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ലോകബാങ്ക് പ്രതിനിധികൾ സംസ്ഥാന സർക്കാരുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചർച്ചയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ പൊതുജനാരോഗ്യമേഖലയിൽ സർക്കാർ നിയന്ത്രണം ഇല്ലാതാക്കുന്നതിലേക്ക് ലോകബാങ്ക് വായ്പ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ ഇതിലേക്ക് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് ലോകബാങ്ക് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആരോഗ്യരംഗത്ത് സർക്കാർ വകയിരുത്തുന്ന തുക വെട്ടിക്കുറയ്ക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) സ്വകാര്യ ഏജൻസികൾക്ക് സർക്കാർ വക ആശുപത്രി കെട്ടിടങ്ങളും സ്ഥലവും പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് ലോകബാങ്ക് നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചർച്ച ചെയ്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉദ്ദേശമില്ല.

(ഇ) ഇല്ല.

വയനാട് ജില്ലയിലെ നഴ്സിംഗ് സ്കൂൾ

182 [1788] *ശ്രീ. എം. വി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏക ആതുരവിദ്യാഭ്യാസ സ്ഥാപനമായ നഴ്സിംഗ് സ്കൂളിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ആവശ്യത്തിന് ക്ലാസ് റൂമുകളും ട്യൂട്ടർമാരും ഇല്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 13 കിലോമീറ്റർ അകലെ ക്ലിനിക്കൽ പ്രാക്ടീസിന് പോകുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തുമോ;

(ഡി) ഇവിടത്തെ ഹോസ്റ്റലിൽ വാർഡനെ നിയമിച്ചിട്ടുണ്ടോ;

(ഇ) ഈ സ്ഥാപനത്തിന്റെ പരാധീനതകൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും വിദ്യാർത്ഥി പ്രതിനിധികളുടെയും, പി.ടി.എ. പ്രതിനിധികളുടെയും, ജനപ്രതിനിധികളുടെയും യോഗം വിളിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly